# പതിനഞ്ചാം കേരള നിയമസഭ
# രണ്ടാം സമ്മേളനം
# ബഹു സ്പീക്കറുടെ റൂളിംഗ്

05-08-2021

## (10) ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് സംബന്ധിച്ച്

2021 ആഗസ്റ്റ് 5-ാം തീയതി നിയമനിർമ്മാണവേളയിൽ, ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിനുമുമ്പ് 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാംനമ്പർ) ബിൽ എന്നിവ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് നിയമസഭാ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും എതിരാണെന്നും 2005-ലെ മൂല്യവർദ്ധിത നികുതി നിയമം നിലവിൽവന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥനകൾ പാസ്സാക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ പാസ്സാക്കിയതെന്നും 2018-ൽ ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചെങ്കിലും ധനാഭ്യർത്ഥനകൾ പാസ്സായശേഷമാണ് കമ്മിറ്റി യോഗം ചേർന്നതെന്നും ആയതിനാൽ ധനകാര്യ ബിൽ പരിശോധിക്കുന്ന സബ്ജക്ട് കമ്മിറ്റി യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷം മാത്രമേ ചേരാൻ പാടുള്ളൂവെന്നും ഒരു പ്രതിപക്ഷാംഗം ക്രമപ്രശ്നം ഉന്നയിച്ചു.

ധനാഭ്യർത്ഥന ചർച്ച പൂർത്തിയാകുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കുന്നത് ഭരണഘടനാപരമായോ ചട്ടപ്രകാരമോ തെറ്റല്ലെന്നും ധനകാര്യ ബിൽ പാസ്സാക്കുന്നത് 12-08-2021-ലായതിനാൽ ഇപ്പോൾ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നതിന് നിയമ തടസ്സമില്ലെന്നും സഭ അംഗീകരിച്ച ബി.എ.സി. റിപ്പോർട്ട് പ്രകാരമാണ് ധനകാര്യ ബിൽ വിഷയ നിർണ്ണയ സമിതിയുടെ പരിഗണനയ്ക്കയയ്ക്കുന്നതെന്നും ധനകാര്യ വകുപ്പുമന്ത്രി വ്യക്തമാക്കി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

"ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയ്ക്കും വോട്ടെടുപ്പിനും ധനകാര്യ ബില്ലിന്റെ പരിഗണനയുമായി നേരിട്ട് ബന്ധമില്ലെങ്കിലും കീഴ്‌വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ച ശേഷമാണ് ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യബിൽ നേരത്തെ പരിഗണിക്കുന്ന സന്ദർഭങ്ങളുണ്ടാ യിട്ടുണ്ട്. കോവിഡിനെത്തുടർന്ന് സഭാ സമ്മേളന ദിനങ്ങളിൽ കുറവ് വരുത്തിയതിനാലാണ് ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിന് പുതിയ സമയക്രമം നിശ്ചയിച്ചത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ കീഴ്‌വഴക്കങ്ങളുടെയോ ലംഘനമുണ്ടായിട്ടില്ല. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.''

---